ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ. ബി1/2787/ടി.സി/2017.

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി 09-05-2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ആർ.ടി.ഒ. മാർക്കും
എല്ലാ ജോയിന്റ് ആർ.ടി.ഒ. മാർക്കും

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – നികുതി അടയ്ക്കാതെ പിടിച്ചെടുത്ത വാഹനങ്ങളുടെ ലേലം - വിശദീകരണം ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

സൂചന :- 1 ഈ ഓഫീസിലെ ഇതേ നമ്പറിലെ 8-2-2017, 27-2-2017, 2-3-2017, 17-3-2017, 7-4-2017 തീയതികളിലെ കത്ത്

2 39/Camp/TC/2017 തീയതി 8-5-2017 ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

നികുതി അടയ്ക്കാത്ത കുറ്റത്തിന് മോട്ടോർ വാഹനവകുപ്പ് പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ ലേല നടപടികൾ 30-04-2017 ന് മുൻപായി പൂർത്തീകരിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും സൂചന 1 പ്രകാരം നൽകിയിരുന്നു. എന്നാൽ ഒരു ഓഫീസും ഇതുവരെ ലേല നടപടികൾ പൂർത്തീകരിച്ചതായുള്ള റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ, ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് വിശദീകരണം ആവശ്യപ്പെടാൻ സൂചന 2 പ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണർ നിർദ്ദേശിച്ചിരിക്കയാണ്.

ആയതിനാൽ എല്ലാ ആർ.ടി.ഒ. മാരും തങ്ങളുടെ അധികാരപരിധിയിലുള്ള ഓഫീസുകളിൽ, നിഷ്കർഷിച്ചിരുന്ന സമയ പരിധിക്കുള്ളിൽ ലേലം നടത്താതിരുന്നതിനുള്ള കാരണങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള വ്യക്തമായ റിപ്പോർട്ട് 7 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. സബ് ആർ.ടി.ഓഫീസുകൾ ഉൾപ്പെടെയുള്ള ക്രോഡീകരിച്ച റിപ്പോർട്ടാണ് ആർ.ടി.ഒ. മാർ സമർപ്പിക്കേണ്ടത്.

വിശ്വസ്തതയോടെ,

9.5.2017

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ്: എല്ലാ ഡിടിസി മാർക്കും അറിവിലേക്കും റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുന്നതിനുമായി നൽകുന്നു.